# ഒന്നു ഡയൽ ചെയ്യൂ... മൊബൈൽ കോക്കനട്ട് ക്ലിനിക് വീട്ടുമുറ്റത്തു വരും

## തെങ്ങിന്റെ ചങ്ങാതിമാരുമായി കെഎസ്എസ്എസ്

കോട്ടയം: കാർഷിക രംഗത്തു രൂക്ഷമായ തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്ന സമയത്തു വ്യത്യസ്തമായ സംരംഭവുമായി കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി രംഗത്ത്.

കേരകൃഷിയും കേരകർഷകരും അന്യംനിന്നു കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിലേക്ക് നാളികേര സംരക്ഷണ സന്ദേശവും ഒപ്പം നാളികേര പരിപാലനവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തെങ്ങിന്റെ ചങ്ങാതിമാർ എന്ന പദ്ധതിയുമായിട്ടാണ് പരിസ്ഥിതി ദിനത്തിൽ കെഎസ്എസ്എസ് വരുന്നത്. നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെയാണു പദ്ധതി.



കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു തുടക്കം കുറിക്കുന്ന തെങ്ങിന്റെ ചങ്ങാതിമാർ നാളികേര സംരക്ഷണ പദ്ധതിയുടെ ഫ്ളാഗ് ഓഫ് കർമം ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കുന്നു. കോട്ടയം ജില്ലാ കളക്ടർ മിനി ആന്റണി, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, കെഎസ്എസ്എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ദീപ്തി എസ്. നായർ, തെങ്ങിന്റെ ചങ്ങാതിമാർ എന്നിവർ സമീപം.

തേങ്ങയിടുന്നതിനും തെങ്ങ് തെളിക്കുന്നതിനും അതോടൊപ്പം നാളികേര സംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്കും ഇനി ജോലിക്കാരെ തേടി അലയേണ്ട.

നാളികേര സംരക്ഷണ സന്ദേശങ്ങളും നാളികേര വൃക്ഷത്തിന്റെ ദൃശ്യാവിഷ്ക്കാരവുമായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന വാഹനത്തിലായിരിക്കും തെങ്ങിന്റെ ചങ്ങാതിമാർ എത്തുക. നാളികേര സംരക്ഷണ യൂണിറ്റിൽനിന്നും തേങ്ങയിടീൽ, തെങ്ങ് തെളിക്കൽ, തെങ്ങ് കയറ്റ പരിശീലനം, നാളികേര ഉത്പാദക സംഘങ്ങൾ, നാളികേര സംരക്ഷണ നിർദേശങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ ലഭിക്കും.

പരിശീലനം പൂർത്തിയാക്കിയ 143 പേരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 13 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് തെങ്ങിന്റെ ചങ്ങാതിമാർ പദ്ധതി നടപ്പിലാക്കുന്നത്. ഈ തെങ്ങ് കയറ്റ തൊഴിലാളി സംഘത്തിൽ വനിതകളുമുണ്ട്.

ഒരു ഫോൺ വിളിച്ചാൽ ന്യായവേതനത്തിൽ നാളികേര സേവനങ്ങൾ തെങ്ങിന്റെ ചങ്ങാതിമാർ ലഭ്യമാക്കും. നിങ്ങൾക്ക് സ്വന്തം പുരയിടത്തിൽ തേങ്ങയിടുവാനോ, നാളികേര സംരക്ഷണ സേവനങ്ങൾക്കോ ആവശ്യമുണ്ടോ വിളിക്കൂ 9496241100 എന്ന നമ്പരിൽ ഉടൻ തെങ്ങിന്റെ ചങ്ങാതിമാർ നിങ്ങളുടെ വീട്ടിൽ എത്തും. പ്രത്യേക യൂണിഫോമും തിരിച്ചറിയൽ കാർഡുമൊക്കെയായിട്ടായിരിക്കും ചങ്ങാതിമാരെത്തുക. അങ്ങനെ നാളികേര സംരക്ഷണത്തിന് പുത്തൻ മാതൃകയാവുകയാണ് ഈ സഞ്ചരിക്കുന്ന മൊബൈൽ കോക്കനട്ട് ക്ലിനിക്ക്.

ലോക പരിസ്ഥിതി ദിനമായ ഇന്നു മുതൽ പദ്ധതിയുടെ സേവനം ഏവർക്കും ലഭ്യമാക്കുമെന്ന് കെഎസ്എസ്എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് അറിയിച്ചു.